# മധുരമായ കുട്ടികളേ – വിജയമാലയിൽ വരണമെങ്കിൽ നിശ്ചയബുദ്ധിയുള്ളവരാകൂ, നിരാകാരനായ ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്, ബാബ നമ്മെ കൂടെ കൊണ്ടു പോകും, ഈ നിശ്ചയത്തിൽ ഒരിക്കലും സംശയം വരരുത്.

**ചോദ്യം:–** വിജയീ രത്നങ്ങളായി തീരുന്ന കുട്ടികളുടെ മുഖ്യ ലക്ഷണങ്ങൾ എന്തെല്ലാമായിരിക്കും?
**ഉത്തരം:–** അവർക്ക് ഒരു കാര്യത്തിലും സംശയം ഉണ്ടാകുകയില്ല. അവർ നിശ്ചയബുദ്ധികളായിരിക്കും. അവർക്ക് നിശ്ചയം ഉണ്ടായിരിക്കും– ഇത് സംഗമ സമയമാണ്, ഇപ്പോൾ ദുഃഖധാമം പൂർത്തിയായി സുഖധാമം വരണം.2) ബാബ തന്നെയാണ് രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്, ബാബ ദേഹീയഭിമാനിയാക്കി കൂടെ കൊണ്ടു പോകും. ബാബ ഇപ്പോൾ നമ്മൾ ആത്മാക്കളോടാണ് സംഭാഷണം നടത്തുന്നത്. നമ്മൾ ബാബയുടെ സന്മുഖത്തിരിക്കുന്നു. 3) പരമാത്മാവ് നമ്മുടെ അച്ഛനുമാണ്, രാജയോഗത്തിന്റെ ശിക്ഷണം നല്കുന്നു അതിനാൽ ടീച്ചറുമാണ്, ശാന്തിധാമിലേക്ക് കൊണ്ടു പോകുന്നു അതിനാൽ സത്ഗുരുവുമാണ്. ഇങ്ങനെയുള്ള നിശ്ചയബുദ്ധി കുട്ടികൾ ഓരോ കാര്യത്തിലും വിജയിയായിരിക്കും.

**ഗീതം:–** അങ്ങയെ നേടിയതിലൂടെ സർവ്വതും നേടി....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് ഓം ശാന്തിയുടെ അർത്ഥം മനസ്സിലാക്കി തന്നു. ഓരോ കാര്യവും സെക്കന്റിൽ മനസ്സിലാക്കേണ്ടതാണ്. കുട്ടികളും പറയുന്നു ഓം ശാന്തി അർത്ഥം ഞാൻ ആത്മാവ്, ഇതെന്റെ ശരീരം. അതേപോലെ ബാബയും പറയുന്നു– ഞാൻ ആത്മാവ് പരംധാമിൽ വസിക്കുന്നവനാണ്. അത് പരമാത്മാവാകുന്നു. ഓം... ഇത് ബാബയ്ക്കും പറയാൻ സാധിക്കും കുട്ടികൾക്കും പറയാൻ സാധിക്കും. ആത്മാവിന്റെയും പരമാത്മാവിന്റെയും സ്വധർമ്മം ശാന്തിയാണ്. നിങ്ങൾക്കറിയാം ആത്മാവ് ശാന്തിധാമിൽ നിവസിക്കുന്നു. അവിടെ നിന്ന് ഈ കർമ്മ ക്ഷേത്രത്തിൽ പാർട്ടഭിനയിക്കാൻ വന്നിരിക്കുന്നു. ഇതും അറിയാം ആത്മാവിന്റെ രൂപമെന്ത്, പരമാത്മാവിന്റെ രൂപമെന്ത് എന്ന്. ഇത് മനുഷ്യ സൃഷ്ടിയിൽ ആർക്കും അറിയില്ല. ബാബ തന്നെ വന്നാണ് മനസ്സിലാക്കി തരുന്നത്. കുട്ടികളും മനസ്സിലാക്കി കൊടുക്കുന്നുണ്ട്– നമ്മുടെ അച്ഛൻ പരമപിതാ പരമാത്മാവാണ്, ബാബ ടീച്ചറുമാണ്, സത്ഗുരുവുമാണ്, നമ്മെ കൂടെ കൊണ്ടു പോകുന്നു. നിറയെ ഗുരുക്കൻമാരുടെയടുത്ത് പോകുന്നുണ്ട്. ഇപ്പോൾ കുട്ടികൾക്ക് നിശ്ചയമുണ്ട് പരമപിതാ പരമാത്മാവ് അച്ഛനുമാണ്, സഹജമായ ജ്ഞാനത്തിന്റെയും രാജയോഗത്തിന്റെയും ശിക്ഷണം നൽകി കൊണ്ടിരിക്കുന്നു, തിരികെ കൂടെ കൊണ്ടും പോകുന്നു. ഈ നിശ്ചയത്തിൽ തന്നെയാണ് കുട്ടികളുടെ വിജയം. വിജയമാലയിൽ കോർക്കപ്പെടും. രുദ്രമാല അഥവാ വിഷ്ണുവിന്റെ മാല. ഭഗവാനുവാചാ– ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. അപ്പോൾ ടീച്ചറുമായി. നിർദ്ദേശം ലഭിക്കണമല്ലോ. ബാബയുടെ നിർദ്ദേശം, ടീച്ചറിന്റെ നിർദ്ദേശം, ഗുരുവിന്റെ നിർദ്ദേശം വേറെയായിരിക്കും. വ്യത്യസ്ഥമായ നിർദ്ദേശങ്ങളാണ് ലഭിക്കുന്നത്. എന്നാൽ ഇവിടെ എല്ലാം ഒന്നാണ്, ഇതിൽ സംശയത്തിന്റെ കാര്യമേയില്ല. അറിയാം നമ്മൾ ഈശ്വരീയ കുടുംബം അഥവാ വംശത്തിൽ ഉള്ളവരാണ്. ഗോഡ്ഫാദർ രചയിതാവാണ്. പാടാറുണ്ട് അങ്ങ് മാതാപിതാവ്, ഞങ്ങൾ ബാലകരാണ്. അപ്പോൾ തീർച്ചയായും പരിവാരമായി. ഭാരതത്തിൽ തന്നെയാണ് പാടുന്നത്. അതെല്ലാം കഴിഞ്ഞു പോയ കാര്യങ്ങളാണ്. ഇപ്പോൾ വർത്തമാന സമയത്ത് നിങ്ങൾ ബാബയുടെ കുട്ടികളാണ്. അതിനു വേണ്ടി തന്നെയാണ് ശിക്ഷണം സ്വീകരിക്കുന്നത്. ബാബാ... അങ്ങയുടെ ശ്രീമത്തനുസരിച്ചു നടക്കുന്നതിലൂടെ, യോഗബലത്തിലൂടെ പാപങ്ങൾ ഭസ്മമാകുന്നു. ബാബയെ തന്നെയാണ് പതിത പാവനൻ, സർവ്വശക്തിമാൻ എന്നു പറയുന്നത്. ബാബ ഒന്നേയുള്ളൂ. മമ്മാ ബാബാ എന്നു പറയുന്നു, അവരിൽ നിന്നും രാജയോഗം പഠിച്ചു കൊണ്ടിരിക്കുന്നു. അര കല്പം നിങ്ങൾ അങ്ങനെയുള്ള സമ്പത്താണ് നേടുന്നത്, അവിടെ ദുഃഖത്തിന്റെ പേർ പോലുമില്ല. അതാണ് സുഖധാമം. ദുഃഖധാമിന്റെ അന്ത്യം ഉണ്ടാകുമ്പോൾ ബാബ വരുമല്ലോ. ആ സംഗമത്തിന്റെ സമയമാണിപ്പോൾ. നിങ്ങൾക്കറിയാം ബാബ നമ്മെ രാജയോഗവും പഠിപ്പിക്കുന്നു. ദേഹീയഭിമാനിയാക്കി കൂടെ കൊണ്ടു പോകുന്നു. നിങ്ങളെ ഒരു മനുഷ്യനുമല്ല പഠിപ്പിക്കുന്നത്. നിരാകാരനായ ബാബയാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ആത്മാക്കളോട് തന്നെ സംസാരിക്കുന്നു. ഇതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല. സന്മുഖത്തിരിക്കുന്നു. ഇതും അറിയാം നമ്മൾ തന്നെ ദേവതയായിരുന്നു അപ്പോൾ പവിത്ര കുടുംബമാർഗ്ഗത്തിലേതായിരുന്നു. 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയാക്കി. നിങ്ങൾ 84 ജന്മങ്ങളെടുത്തു. പാടാറുണ്ട് ആത്മാക്കളും പരമാത്മാവും വളരെക്കാലമായി പിരിഞ്ഞിരിക്കുകയായിരുന്നു....സത്യയുഗത്തിന്റെ ആദിയിൽ ആദ്യം ആദ്യം ദേവീ ദേവതമാരാണ് ഉണ്ടായിരുന്നത്, കലിയുഗത്തിന്റെ അന്ത്യത്തിൽ പതിതമായി തീരുന്നു. പൂർണ്ണമായും 84 ജന്മങ്ങളെടുക്കുന്നു. ബാബ കണക്കും മനസ്സിലാക്കി തരുന്നു. സന്യാസിമാരുടെ ധർമ്മം തന്നെ വേറെയാണ്.

വൃക്ഷത്തിൽ അനേക പ്രകാരത്തിലുള്ള ധർമ്മങ്ങളുണ്ട്. ആദ്യം ആദ്യം അടിത്തറ ദേവീ ദേവതാ ധർമ്മമാണ്. ഒരു മനുഷ്യനും ദേവീദേവതാ ധർമ്മം സ്ഥാപിക്കാൻ സാധിക്കില്ല. ദേവീദേവതാ ധർമ്മം പ്രായേണ ലോപിച്ചു, വീണ്ടും ഇപ്പോൾ സ്ഥാപിതമായി കൊണ്ടിരിക്കുന്നു. പിന്നീട് സത്യയുഗത്തിൽ നിങ്ങൾ തന്റെ പ്രാപ്തി അനുഭവിക്കും. വളരെ ഉയർന്ന സമ്പാദ്യമാണ്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയിൽ നിന്നും സത്യമായ സമ്പാദ്യമാണ് ഉണ്ടാക്കുന്നത്, അതിലൂടെ സത്യഖണ്ഢത്തിൽ നിങ്ങൾ സദാ സുഖിയായി തീരുന്നു. അതിനാൽ ശ്രദ്ധ വയ്ക്കണം. ബാബ കുടുംബം ഉപേക്ഷിക്കാൻ പറയുന്നില്ല. സന്യാസിമാർക്ക് വൈരാഗ്യം വരുന്നു. ബാബ പറയുന്നു, അത് തെറ്റാണ്, ഇതിലൂടെ സൃഷ്ടിയുടെ മംഗളം ഉണ്ടാകുകയില്ല. എങ്കിലും ഭാരതത്തിൽ ഈ സന്യാസിമാരുടെ ധർമ്മം നല്ലതാണ്. ഭാരതത്തെ താങ്ങി നിറുത്തുന്നതിന് സന്യാസ ധർമ്മം സ്ഥാപിതമാകുന്നു കാരണം ദേവതമാർ വാമ മാർഗ്ഗത്തിലേക്ക് പോകുന്നു. പകുതി സമയം പൂർത്തിയാകുമ്പോൾ കെട്ടിടത്തിന് മരാമത്ത് പണി ചെയ്യുന്നു. ഒന്നോ രണ്ടോ വർഷത്തിനിടയിൽ വീടിനു പെയിന്റ് ചെയ്യുന്നു. ചിലർ പറയുന്നു ലക്ഷ്മിയെ ആഹ്വാനം ചെയ്യാമെന്ന് എന്നാൽ ശുദ്ധിയുണ്ടെങ്കിലേ ലക്ഷ്മി വരുകയുള്ളൂ. ഭക്തി മാർഗ്ഗത്തിൽ ധനം ലഭിക്കുന്നതിന് മഹാലക്ഷ്മിയെ പൂജിക്കുന്നു. ജഗദംബയുടെയടുത്ത് ഒരിക്കലും ധനം യാചിക്കില്ല. ധനത്തിനു വേണ്ടി ലക്ഷ്മിയുടെയടുത്താണ് പോകുന്നത്. ദീപാവലി ദിനത്തിൽ വ്യാപാരികൾ ധനം പൂജിക്കാൻ വെയ്ക്കുന്നു. വൃദ്ധിയുണ്ടാകും എന്നാണ് മനസ്സിലാക്കുന്നത്. മനോകാമന പൂർത്തിയാകുന്നു. ജഗദംബയുടെ മേള നടക്കുന്നു. ഇത് ജഗത്പിതാ ജഗദംബയുമായി മിലനം ചെയ്യുന്നതിന്റെ മേളയാണ്. ഇതാണ് സത്യമായ മേള, ഇതിലൂടെ ലാഭം ഉണ്ടാകുന്നു. ആ മേളകളിൽ വളരെ അലയുന്നുണ്ട്. ചിലപ്പോൾ തോണി മുങ്ങുന്നു, ബസ്സപകടം സംഭവിക്കുന്നു. വളരെ കഷ്ടപ്പാടനുഭവിക്കുന്നു. ഭക്തിയിലെ മേളയിൽ വളരെ താല്പര്യം വെയ്ക്കുന്നു കാരണം കേട്ടിട്ടുണ്ടല്ലോ– ആത്മാവും പരമാത്മാവും തമ്മിൽ മിലനം നടക്കുന്നുവെന്ന്. ഈ മിലനം പ്രശസ്തമാണ്, പിന്നീട് ഭക്തി മാർഗ്ഗത്തിൽ ആഘോഷിക്കുന്നു. രാമനും രാവണനും തമ്മിലാണ് മത്സരം. അതിനാൽ ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു– മോഹാലസ്യപ്പെടരുത്. രാമനും രാവണനും രണ്ടു പേരും സർവ്വ ശക്തിമാനാണ്. നിങ്ങൾ യുദ്ധ മൈതാനത്തിലാണ്. ചിലർ അടിക്കടി മായയോട് തോല്ക്കുന്നു. ബാബ പറയുന്നു– നിങ്ങൾ ഉസ്താദായ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഒരിക്കലും തോൽക്കില്ല. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് വിജയം പ്രാപ്തമാകുന്നത്. ജ്ഞാനം ഒരു സെക്കന്റിന്റേതാണ്. ബാബ വിസ്താരത്തിൽ മനസ്സിലാക്കി തരുന്നു, ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നുവെന്ന്. സാരരൂപത്തിൽ നിങ്ങൾ കുട്ടികൾ ബീജത്തെയും വൃക്ഷത്തെയും മനസ്സിലാക്കുന്നു. ഇതിന്റെ പേരാണ് കല്പ വൃക്ഷം. ഇതിന്റെ ആയുസ്സ് ലക്ഷകണക്കിന് വർഷമില്ല. ഇതാണ് വ്യത്യസ്ഥമായ ധർമ്മങ്ങളുടെ വൃക്ഷം. ഒരു ധർമ്മം പോലെയല്ല മറ്റൊന്ന്. തീർത്തും വ്യത്യസ്ഥമാണ്. ഇസ്ലാം ധർമ്മത്തിലുള്ളവർ എത്ര കറുത്തവരാണ്, അവിടെയും ധനം നിറയെയുണ്ട്. എല്ലാവരും ധനത്തിന്റെ പിന്നാലെയാണ്. ഭാരതവാസികളുടെ സംസ്ക്കാരങ്ങൾ തീർത്തും വ്യത്യസ്ഥമാണ്. പല പല ധർമ്മങ്ങളുടെ വൃക്ഷമാണ്. നിങ്ങൾ മനസ്സിലാക്കി എങ്ങനെ അഭിവൃദ്ധിയുണ്ടാകുന്നുവെന്ന്, ഇതിനെ ഉപമിക്കുന്നത് ആൽമരത്തിനോടാണ്. ഇപ്പോൾ പ്രാക്ടിക്കലായി നിങ്ങൾ കാണുന്നുണ്ട്– ഇതിന്റെ അടിത്തറ നശിച്ചു. ബാക്കി ധർമ്മം നിലനിൽക്കുന്നുണ്ട്. ദേവീ ദേവതാ ധർമ്മമേയില്ല. കൽക്കട്ടയിൽ നിങ്ങൾ കാണും മുഴുവൻ വൃക്ഷം പച്ചപ്പോടെ നിലനില്ക്കുന്നു. അടിത്തറയില്ല. ഇതിനും അടിത്തറയില്ല, അതിപ്പോൾ സ്ഥാപിതമായി കൊണ്ടിരിക്കുന്നു.

കുട്ടികൾ മനസ്സിലാക്കുന്നു ഇപ്പോൾ നാടകം പൂർത്തിയാകാറായി. ഇപ്പോൾ ബാബയുടെയടുത്ത് തിരികെ വീട്ടിലേക്ക് പോകണം. നിങ്ങൾ എന്റെ അടുക്കലേക്ക് വരും. ഇതും അറിയാം ഭാരതമല്ലാതെ മറ്റൊരു ഖണ്ഢവും സ്വർഗ്ഗമായി മാറുന്നില്ല. പറയാറുണ്ട് പ്രാചീന ഭാരതം. എന്നാൽ ഗീതയിൽ കൃഷ്ണന്റെ പേര് വച്ചിരിക്കുന്നു. ബാബ പറയുന്നു ശ്രീ കൃഷ്ണനെ ആരും പതിത പാവനൻ എന്നു പറയില്ല. നിരാകാരനെ മാത്രമേ അംഗീകരിക്കൂ. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. അതേ നാമം, രൂപം, ദേശത്തിൽ പിന്നീട് കൃഷ്ണൻ സ്വർഗ്ഗത്തിലേ വരുകയുള്ളൂ. അതേ മുഖം പിന്നീട് ഉണ്ടാകുന്നില്ല. ഓരോരുത്തരുടെയും സംസ്ക്കാരം വ്യത്യസ്ഥമാണ്. കർമ്മവും വ്യത്യസ്ഥമാണ്. ഈ അനാദി ഡ്രാമ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഓരോ ആത്മാവിനും പാർട്ട് ലഭിച്ചിരിക്കുന്നു. ആത്മാവ് അവിനാശിയാണ്. ബാക്കി ഈ ശരീരം വിനാശിയാണ്. ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നു. എന്നാൽ ഈ ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനവും ആർക്കും അറിയില്ല. ബാബ വന്ന് പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നു, എന്റെ നഷ്ട്ടപ്പെട്ട് തിരികെ ലഭിച്ച കുട്ടികളും പറയുന്നു– ബാബാ അങ്ങയെ കണ്ടിട്ട് 5000 വർഷങ്ങൾ പൂർത്തിയായി. യോഗബലത്തിലൂടെ നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി തീരുന്നു. ആദ്യത്തെ ഹിംസയാണ് പരസ്പരം കാമ വികാരത്തിൽ പോകുക എന്നത്. ഇതും മനസ്സിലാക്കി തന്നു– ബാഹു

ബലത്തിലൂടെ ഒരിക്കലും ആർക്കും വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. യോഗബലത്തിലൂടെയാണ് ആകേണ്ടത്. എന്നാൽ ശാസ്ത്രങ്ങളിൽ ദേവതമാരും ദൈത്യൻമാരും തമ്മിലുള്ള യുദ്ധമാണ് കാണിച്ചിരിക്കുന്നത്. ആ കാര്യമേയല്ല. ഇവിടെ നിങ്ങൾ യോഗബലത്തിലൂടെ ബാബയിലൂടെ വിജയം പ്രാപ്തമാക്കുന്നു. ബാബയാണ് വിശ്വത്തിന്റെ രചയിതാവ്, അപ്പോൾ തീർച്ചയായും പുതിയ വിശ്വം തന്നെ രചിക്കുന്നു. ലക്ഷ്മീ നാരായണൻ പുതിയ ലോകം സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നു. നമ്മൾ തന്നെ സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നു, പിന്നീട് 84 ജന്മങ്ങളെടുത്ത് പതിതവും കാൽ കാശിനു വിലയില്ലാത്തവരായി. ഇപ്പോൾ നിങ്ങൾക്ക് തന്നെ പാവനമാകണം. ഭക്തർ ധാരാളമുണ്ട്. എന്നാൽ കൂടുതൽ ഭക്തി ചെയ്തത് ആരാണ്? ആരാണോ ബ്രാഹ്മണരാകുന്നത് അവർ തന്നെയാണ് ആരംഭം മുതൽ ഭക്തി ചെയ്തിട്ടുള്ളത്. അവർ തന്നെ ബ്രാഹ്മണരായി തീരുന്നു. പ്രജാപിതാവ് സൂക്ഷ്മ വതനത്തിലില്ല. ബ്രഹ്മാവ് ഇവിടെയല്ലേ വേണ്ടത്, ബ്രഹ്മാവിലാണ് ബാബ പ്രവേശിക്കുന്നത്. നിങ്ങൾക്കറിയാം ഇവിടെയുള്ള മമ്മാ ബാബ അവിടെയുമുണ്ട്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബയാണ് നിർദ്ദേശം നല്കുന്നത്– ഇങ്ങനെ ഇങ്ങനെയൊക്കെ സേവനം ചെയ്യൂ എന്ന്. കുട്ടികൾ പുതിയ പുതിയ കണ്ടു പിടിത്തങ്ങൾ ചെയ്യുന്നു. സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ചിത്രം വളരെ നല്ലതാണ്. കൃഷ്ണനെ സർവ്വരും ഇഷ്ടപ്പെടുന്നു. എന്നാൽ ഇദ്ദേഹം തന്നെ നാരായണനായി തീരുന്നു എന്ന് അവർക്കറിയില്ല. ഇപ്പോൾ ഇത് യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം. നിങ്ങളുടെ ഈ ചക്രത്തിന്റെ ചിത്രം വളരെ വലുതായിരിക്കണം. മേൽക്കൂരയുടെ അത്രയും വലുതായിരിക്കണം, അതിൽ നാരായണന്റെയും കൃഷ്ണന്റെയും ചിത്രം ഉണ്ടായിരിക്കണം. വലിയ വസ്തുക്കൾ മനുഷ്യർക്ക് നന്നായി കാണാൻ സാധിക്കും. പാണ്ഢവരുടെ വലിയ വലിയ ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുള്ളതുപോലെ. നിങ്ങളല്ലേ പാണ്ഡഢവർ. ഇവിടെ വലിയവരായി ആരും തന്നെയില്ല. മനുഷ്യർ ഏകദേശം 6 അടി ഉയരമാണ്. സത്യയുഗത്തിൽ ഉർന്ന ആയുസ്സുള്ളതിനാൽ നീണ്ട ശരീരം ഉള്ളവരായിരിക്കും എന്ന് കരുതരുത്. കൂടുതൽ പൊക്കം മനുഷ്യർക്ക് ശോഭിക്കുകയില്ല. അതിനാൽ മനസ്സിലാക്കി കൊടുക്കുന്നതിന് വലിയ വലിയ ചിത്രങ്ങൾ വേണം. സത്യയുഗത്തിന്റെ ചിത്രവും ഫസ്റ്റ്ക്ലാസ്സായി ഉണ്ടാക്കണം. ഇതിൽ ലക്ഷ്മീ നാരായണനെയും രാധയേയും കൃഷ്ണനെയും കാണിക്കണം. ഇവരാണ് പ്രിൻസ് പ്രിൻസസ്. ഈ ചക്രം കറങ്ങി കൊണ്ടേയിരിക്കുന്നു. ബ്രഹ്മാവും സരസ്വതിയുമാണ് പിന്നീട് ലക്ഷ്മീ നാരായണനായി മാറുന്നത്. നമ്മൾ ബ്രാഹ്മണർ തന്നെ പിന്നീട് ദേവതയായി മാറുന്നു. ഇത് നമുക്കറിയാം നമ്മൾ തന്നെ ലക്ഷ്മീ നാരായണനായി തീരുന്നു, പിന്നീട് നമ്മൾ തന്നെ രാമനും സീതയുമായി മാറുന്നു. അങ്ങനെ രാജ്യം ഭരിക്കുന്നു. കുട്ടികൾ ഇങ്ങനെയുള്ള ചിത്രങ്ങൾ വെച്ച് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ വളരെ ആനന്ദം ഉണ്ടാകും. പറയും ഇത് ഫസ്റ്റ്ക്ലാസ്സ് ജ്ഞാനമാണ് എന്ന്. ഹഠയോഗികൾക്ക് ഈ ജ്ഞാനം നല്കാൻ സാധിക്കില്ല. സത്യയുഗത്തിൽ പവിത്ര കുടുംബമാർഗ്ഗമായിരുന്നു. ഇപ്പോൾ അപവിത്രമാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും പരിധിയില്ലാത്ത സമ്പത്ത് നല്കാൻ സാധിക്കില്ല. അറിയാം ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കുന്നതിനുള്ള ശിക്ഷണമാണ് നല്കി കൊണ്ടിരിക്കുന്നത്. അത് നല്ല രീതിയിൽ ധാരണ ചെയ്യണം. പഠിത്തത്തിലൂടെ മനുഷ്യൻ എത്ര ഉയരത്തിലേക്ക് പോകുന്നു. നിങ്ങളും ഇപ്പോൾ അഹല്യ, കുബ്ജകളാണ്. ബാബ പഠിപ്പിക്കുന്നു, ആ പഠിത്തത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി തീരുന്നു. ജ്ഞാന സാഗരനും ബാബ തന്നെയാണ്. ഇപ്പോൾ ബാബ പറയുന്നു സ്വയത്തെ അശരീരീയാണെന്ന് മനസ്സിലാക്കൂ. അശരീരിയായി വന്നു, അശരീരിയായി പോകണം.

നിങ്ങൾക്കറിയാം നമ്മുടെ 84 ജന്മങ്ങളുടെ ചക്രം ഇപ്പോൾ പൂർത്തിയായി. ഇത് വളരെ വിചിത്രമാണ്. ഇത്രയും ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ് അടങ്ങിയിട്ടുള്ളത്, അത് ഒരിക്കലും ഇല്ലാതാകുന്നേയില്ല. ഇതിന് ആദിയുമില്ല അന്ത്യവുമില്ല. എത്ര വിചിത്രമായ കാര്യങ്ങളാണ്. നമ്മൾ ആത്മാക്കൾ 84 ന്റെ ചക്രത്തിൽ ആവർത്തിക്കുന്നു, ഇതിന്റെ ഒരിക്കലും അന്ത്യം ഉണ്ടാകുന്നില്ല. ഇപ്പോൾ നമ്മൾ പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. അതിൽ മുഴുവൻ ജ്ഞാനവുമുണ്ട്. നക്ഷത്രത്തിന് തന്നെയാണ് മൂല്യമുള്ളത്. നക്ഷത്രത്തിൻ പ്രകാശം കൂടുന്തോറും അതിന്റെ വിലയും കൂടും. ഇപ്പോൾ ഈ ഒരു നക്ഷത്രത്തിൽ എത്ര മുഴുവൻ ജ്ഞാനമുണ്ട്. പാടാറുണ്ട് ഭ്രൂമദ്ധ്യത്തിൽ തിളങ്ങുന്ന വിചിത്ര നക്ഷത്രമാണ് എന്ന്. ഈ അതിശയത്തെ നിങ്ങൾ മനസ്സിലാക്കുന്നു. ബാബ പറയുന്നു– ഞാനും നക്ഷത്രമാണ്, ഇതിന്റെ സാക്ഷാത്ക്കാരവും ഉണ്ടാകാം. എന്നാൽ കേട്ടിട്ടുണ്ട് ആത്മാവ് വളരെ തേജോമയമാണെന്ന്, അഖണ്ഢ ജ്യോതിയാണെന്ന്. അങ്ങനെ നിറയെ പേർ സാക്ഷാത്ക്കാരത്തിലേക്ക് പോകുമായിരുന്നു, സാക്ഷാത്ക്കാരമുണ്ടാകുന്നു എന്നു പറയുമായിരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് പരമാത്മാവ് നക്ഷത്രത്തിന് സമാനമാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ

വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സത്യഖണ്ഢത്തിന്റെ അധികാരിയാകുന്നതിന് വേണ്ടി ബാബയിൽ നിന്നും സത്യമായ സമ്പാദ്യം ഉണ്ടാക്കണം. ഉസ്താദായ ബാബയുടെ ഓർമ്മയിലിരുന്ന് മായയുടെ മേൽ വിജയിയാകണം.

2) ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടുന്നതിന് ബാബയുടെ ശിക്ഷണങ്ങളിൽ പൂർണ്ണമായും ശ്രദ്ധിക്കണം. ആ ശിക്ഷണങ്ങളെ ധാരണ ചെയ്യണം.

## വരദാനം:- സദാ ഉയർന്ന സ്ഥിതിയുടെ ശ്രേഷ്ഠ ഇരിപ്പിടത്തിൽ സ്ഥിതമായിരിക്കുന്ന മായാജീത്ത് മഹാൻ ആത്മാവായി ഭവിക്കൂ

ആരോണോ മഹാൻ ആത്മാക്കൾ അവർ സദാ ഉയർന്ന സ്ഥിതിയിൽ കഴിയുന്നു. ഉയർന്ന സ്ഥിതി തന്നെയാണ് ഉയർന്ന ഇരിപ്പിടം. എപ്പോൾ ഉയർന്ന സ്ഥിതിയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നോ അപ്പോൾ മായക്ക് വരാൻ സാധിക്കില്ല. മായ താങ്കളെ മഹാനാണെന്ന് മനസ്സിലാക്കി താങ്കളുടെ മുന്നിൽ നമസ്ക്കരിക്കും, യുദ്ധം ചെയ്യില്ല, പരാജയം സമ്മതിക്കും. എപ്പോഴാണോ ഉയർന്ന ഇരിപ്പിടത്തിൽ നിന്ന് താഴേക്ക് വരുന്നത് അപ്പോഴാണ് മായ യുദ്ധം ചെയ്യുന്നത്. താങ്കൾ സദാ ഉയർന്ന ഇരിപ്പിടത്തിൽ ഇരിക്കൂ അപ്പോൾ മായക്ക് വരുന്നതിനുള്ള ശക്തി ഉണ്ടായിരിക്കില്ല. അതിന് ഉയരത്തിലേക്ക് കയറാൻ സാധിക്കില്ല.

## സ്ലോഗൻ:- ശാന്തിയുടെ ദൂതനായി എല്ലാവർക്കും ശാന്തിയുടെ ദാനം നൽകൂ - ഇതാണ് താങ്കളുടെ കർത്തവ്യം.